**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5131 — 27.06.2019 ൽ മറുപടിക്ക്

# നിലമ്പൂർ മണ്ഡലത്തിലെ ആർദ്രം പദ്ധതി

| ചോദ്യം<br>ശ്രീ.പി.വി. അൻവർ | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | നിലമ്പൂർ നിയോജകമണ്ഡലത്തിൽ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്ന പി.എച്ച്.സി. കൾ ഏതെല്ലാമാണ്; | (എ) | ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ നിലമ്പൂർ മണ്ഡലത്തിലെ വഴിക്കടവ് പി.എച്ച്.സിയെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ പ്രസ്തുത മണ്ഡലത്തിലെ എടക്കര, പോത്തുകൽ, കരുളായി,മൂത്തേടം എന്നീ ആരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന് തിരഞ്ഞെടുത്തിട്ടുണ്ട്. |
| (ബി) | ഓരോ പി.എച്ച്.സി. യിലും ഇതിനായി ആവിഷ്കരിക്കുന്ന പദ്ധതികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (ബി) | ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ കുടുംബാരോഗ്യമായി ഉയർത്തിയ വഴിക്കടവ് പി.എച്ച്.സിയിൽ ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ, ഒരു ഫാർമസിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ട്.ആസ്ത്മ/ശ്വാസം മുട്ടലിനുള്ള "ശ്വാസ് ക്ലിനിക്ക്,മാനസികാരോഗ്യ പരിചരണത്തിനുള്ള ആശ്വാസ് ക്ലിനിക്ക് എന്നിവ ആരംഭിച്ചിട്ടുണ്ട്. ടി കേന്ദ്രത്തിൽ വൈകുന്നേരം 6 മണി വരെ ഒ.പി പ്രവർത്തിക്കുന്നുണ്ട്.<br><br>ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കുടുംബാരോഗ്യകേന്ദ്രമാക്കാൻ തിരഞ്ഞെടുത്ത പോത്തുകൽ, മൂത്തേടം, എന്നീ കേന്ദ്രങ്ങൾക്ക് അടിസ്ഥാന സൗകര്യവികസനത്തിനായി സംസ്ഥാന പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 14 ലക്ഷം രൂപ വീതവും, എടക്കര, കരുളായി എന്നീ കേന്ദ്രങ്ങൾക്ക് എൻ.എച്ച്.എം ഫണ്ടിൽ നിന്ന് 15.5 ലക്ഷം രൂപ വീതവും അനുവദിച്ചിട്ടുണ്ട്. ആയത് പ്രകാരമുള്ള നടപടികൾ എൻ.എച്ച്.എം മുഖേന സ്വീകരിച്ചുവരുന്നു. ടി കേന്ദ്രങ്ങളിൽ ആവശ്യമായ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു |
| (സി) | മലയോര പ്രദേശമെന്ന നിലയിൽ നിലമ്പൂർ നിയോജകമണ്ഡലത്തിലെ പി.എച്ച്.സി. കളിലേക്ക് കൂടുതൽ ഡോക്ടർമാർ അടക്കമുള്ള ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ തെരെഞ്ഞെടുത്ത ആരോഗ്യ സ്ഥാപനങ്ങളിലേക്ക് തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ